GST No: 32AAMAK9631N1Z3

KERALA KERAKARSHAKA
SAHAKARANA FEDERATION
LIMITED NO.4370

KERAFED
കേരഫെഡ്

Kerafed Coconut Complex, Mannankavu
Naduvannur-673 614 , Kozhikode
Tel: 0496 2933775
E-mail: kerafedkccn2@gmail.com

KFD/KCCN/TNDR/25/08-01

18.11. 2025

**കേരഫെഡ് കോക്കനട്ട് കോംപ്ലക്സിൽ സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കി നല്കുന്നതിനായി തത്പര കക്ഷികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു :**

**ക്വട്ടേഷൻ വ്യവസ്ഥകൾ**

സംഭരണത്തിന് അനുസൃതമായി പച്ചതേങ്ങ കൊപ്രയാക്കി സംസ്കരിച്ചു നല്കുന്നത് കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര സൂചികകൾക്കു വിധേയമായിട്ടായിരിക്കണം.

പച്ചതേങ്ങ ഉണക്കി കൊപ്രയാക്കി നല്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ കരാറുകാരൻ രേഖപ്പെടുത്തേണ്ടത്.(ഉദാഹരണത്തിന്: പച്ചതേങ്ങയിൽ നിന്നും ഒരു കിലോ കൊപ്ര സംസ്കരിച്ചു നല്കുന്നതിന് ......................................................................രൂപ )

ചകിരി കളഞ്ഞു ചിരട്ടയോടും വെളത്തോടും കൂടി ഉള്ള പച്ചതേങ്ങ കൊപ്രയാക്കി മാറ്റുമ്പോൾ നൽകുന്ന തേങ്ങയിൽ നിന്നും കുറഞ്ഞത് 30% എങ്കിലും കേരഫെഡ് ക്വാളിറ്റി കൊപ്ര ലഭ്യമാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

പച്ചതേങ്ങ, കേരഫെഡ് കോക്കനട്ട് കോംപ്ലക്സിൽ വെച്ചുതന്നെ സംസ്കരിക്കേണ്ടതാണ്. കേരഫെഡ് ഫാക്ടറിയിലെ മെക്കാനിക്കൽ ഡ്രൈയർ ഇതിനായി ഉപയോഗിക്കാവുന്നതാണ്. വെയിലുള്ള സമയങ്ങളിൽ സൂര്യപ്രകാശത്തിൽ തേങ്ങ ഉണക്കി കൊപ്രയാക്കാവുന്നതാണ്.

ഡ്രൈയറിൽ കൊപ്ര ഉണക്കുന്നതിനാവശ്യമായ വൈദ്യുതി, വിറക് എന്നിവ കേരഫെഡ് നല്കുന്നതാണ്.

കൊപ്ര നീക്കംചെയ്ത ചിരട്ടകൾ ചാക്കിൽ കെട്ടി നിർദ്ദിഷ്ട സ്ഥലത്തു എത്തിക്കേണ്ടതും, ഇതിനായുള്ള ചാക്കുകൾ കേരഫെഡ് നല്കുന്നതുമാണ്.

പച്ചതേങ്ങ സംസ്കാരണത്തിന് തടസ്സം നേരിടാതെ ആവശ്യമായ തൊഴിലാളികളെ എത്തിച്ചു ഏൽപ്പിക്കുന്ന ജോലി പൂർത്തിയക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കും.

കരാറുകാരൻ എർപ്പാടാക്കുന്ന തൊഴിലാളികളുടെ പൂർണ്ണ സുരക്ഷിതത്വം കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.

കരാറുകാരൻ എർപ്പെടുത്തുന്ന തൊഴിലാളികൾക്ക് കേരഫെഡുമായി കരാറുകാരൻ സമ്മതിക്കുന്ന വേലകൂലിക്ക് പുറമെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

കരാറുകാരന്റെ ഉത്തരവാദിത്വകുറവുകൊണ്ടു സംസ്കരണത്തിൽ കേരഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായികണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരൻറെ പക്കൽനിന്നും കേരഫെഡ് ഈടക്കുന്നതായിരിക്കും .

പ്രസ്തുത കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

കരാറുകാരൻ സമർപ്പിക്കുന്ന ഓരോബില്ലിൽനിന്നും **5%** തുക കേരഫെഡ് റിടെൻഷൻ തുകയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ നല്കുന്നതായിരിക്കും. ഇപ്രകാരം പിടിച്ചുവെക്കുന്ന തുകയ്ക്ക് യാതൊരുവിധ പലിശയും നല്കുന്നതല്ല.

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ EMD തുകയായ 10000 രൂപയോടൊപ്പം, **26/11 /2025**, ഉച്ചയ്ക്ക് **2 മണിക്ക് മുൻപായി കോഴിക്കോട് നടുവണ്ണൂർ കേരഫെഡ് കോക്കനട്ട് കോംപ്ലക്സിന്റെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.** നിശ്ചിത സമയത്തിന്നുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

18.11.25

പ്ലാൻറ് മാനേജർ



KERAFED COCONUT COMPLEX MANDANKAVU P.O. CALICUT DT. PIN-673614 NADUVANNUR